# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം.3110

18/06/2019 ൽ മറുപടിക്ക്

## റീസർവെ

**ചോദ്യം**
**ശ്രീ.വി.പി.സജീന്ദ്രൻ**

**മറുപടി**
ശ്രീ.ഇ.ചന്ദ്രശേഖരൻ
(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | വില്ലേജ് ഓഫീസിൽ സർവ്വേയർമാരെ നിയമിക്കുന്നത് സംബന്ധിച്ച ഫയലിൻമേൽ തീരുമാനം ആയിട്ടുണ്ടോ; | (എ) | വില്ലേജ് ഓഫീസിൽ സർവ്വേയർമാരെ നിയമിക്കുന്നത് സംബന്ധിച്ച് തീരുമാനങ്ങളൊന്നും ആയിട്ടില്ല. |
| (ബി) | റീസർവ്വേ സ്വകാര്യ ഏജൻസിക്ക് നൽകാൻ തീരുമാനം ആയിട്ടുണ്ടോ; | (ബി) | കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകൃത ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്തിയും സർവ്വെ സംബന്ധിച്ച് സാങ്കേതിക പരിജ്ഞാനമുള്ളവരെയും സർവെ ട്രെയിനിംഗ് സ്കൂളിൽ നിന്നും ട്രെയിനിംഗ് ലഭിച്ചവരെയും ഉൾപ്പെടുത്തിയും വാലിഡേഷൻ ജോലികൾ സർവ്വെ വകുപ്പിലെ നിലവിലുള്ള ഉദ്യോഗസ്ഥരെക്കൊണ്ട് നിർവ്വഹിപ്പിച്ചും സംസ്ഥാനത്ത് ഡിജിറ്റൽ സർവെ നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകരം നൽകി 10/05/2018 ലെ സ.ഉ.(എം.എസ്)നം.181/2018/റവന്യൂ നമ്പർ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതു പ്രകാരം സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വെ നടപ്പിലാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു. ടി ഉത്തരവ് പ്രകാരം ഡിജിറ്റൽ സർവ്വെ ജോലികൾക്ക് സ്വകാര്യ ഏജൻസിയെ നാളിതുവരെ നിയോഗിച്ചിട്ടില്ലാത്തതാണ്. |

| | | | |
|---|---|---|---|
| (സി) | സ്വകാര്യ ഏജൻസി നടത്തുന്ന റീസർവ്വേയിൽ സർക്കാർ സർവ്വേയർമാരുടെ പരിശോധനയും നടപടിയും ആവശ്യമാണോ: | (സി | സ്വകാര്യ ഏജൻസി റീസർവ്വെ നടത്തുമ്പോൾ ഇതിന്മേൽ സർക്കാർ സർവ്വേയർമാരുടെ പരിശോധനയും നടപടിയും ആവശ്യമാണ്. |
| (ഡി) | റീസർവ്വേ നടത്തിപ്പുമായി ബന്ധപ്പെട്ട് എത്ര സർവ്വേയർമാരെയാണ് നിലവിൽ ആവശ്യമുള്ളതെന്ന് വ്യക്തമാക്കുമോ? | (ഡി) | റീസർവ്വെ നടപടികൾ കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകൃത ഏജൻസികളെ കൊണ്ട് ചെയ്യിക്കുന്നതിനും വാലിഡേഷൻ ജോലികൾ നിലവിൽ സർവ്വെ വകുപ്പിലുള്ള ജീവനക്കാരെ കൊണ്ട് ചെയ്യിക്കുന്നതിനുമാണ് തീരുമാനിച്ചിരിക്കുന്നത്. ആയതിനാൽ നിലവിലുള്ളവർക്കു പുറമെ അധികമായി സർവ്വെയർമാരെ നിയമിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ